# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1033

10.02.2016-ൽ മറുപടിക്ക്

## വിനോദസഞ്ചാര മേഖലയിലെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.യു. കുരുവിള | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ; | (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.<br>• 100 കോടി രൂപയുടെ ഗവി-വാഗമൺ-എക്കോടൂറിസം പദ്ധതി<br>• ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം<br>• ഉത്തരവാദിത്ത ടൂറിസം<br>• ടേക്ക് എ ബ്രേക്ക്<br>• വിവരസാങ്കേതിക വിദ്യയുടെ നൂതന ഉപയോഗങ്ങൾ<br>• മാസ്റ്റർപ്ലാനുകൾ<br>• പുതിയ ഡെസ്റ്റിനേഷനുകളുടെ കണ്ടെത്തലും വികസനവും<br>• ആലപ്പുഴ ബാക്ക് വാട്ടർ മെഗാ സർക്യൂട്ട് പദ്ധതി<br>• ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ആന്റ് വാട്ടർ ടാക്സി ബോട്ട് സർവ്വീസ്<br>• ഗ്രീൻ ടൂറിസം സർക്യൂട്ട്- കോട്ടയം<br>• മുസിരിസ് പൈതൃക പദ്ധതി. |
| (ബി) വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) വിനോദസഞ്ചാര മേഖലയിൽ വിപുലവും സമഗ്രവുമായ വികസനം ഏർപ്പെടുത്തുന്നതിനു വേണ്ടി താഴെ പറയുന്ന മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി വരുന്നു.<br>1. ഫോർട്ട് കൊച്ചി<br>2. കോവളം- പൂവാർ ടൂറിസം കോറിഡോർ<br>3. കുമരകം<br>4. തേക്കടി |

(തുടർച്ച...)

5. അഷ്ടമുടി, കൊല്ലം
6. ഗോൾഡൻ വാലി, തിരുവനന്തപുരം
7. കക്കയം-പെരുവണ്ണാമൂഴി
8. കാലടി- മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്
9. നിലമ്പൂർ
10. പിൽഗ്രീം സെന്ററുകൾ ആസ്പദമാക്കിയുള്ള മാസ്റ്റർപ്ലാൻ

വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിലേക്ക് പദ്ധതി റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിൽ 99.22 കോടി രൂപയുടെ ഗവി-വാഗമൺ-എക്കോടൂറിസം പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തു. കൂടാതെ സ്പിരിച്വൽ ടൂറിസത്തിന്റെ ഭാഗമായുള്ള ശ്രീ. പത്മനാഭസ്വാമി ക്ഷേത്രം-ആറന്മുള-ശബരിമല എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള പിൽഗ്രീം ടൂറിസം സർക്യൂട്ട്, കേരളാ കോസ്റ്റൽ സർക്യൂട്ട്, നിളാ റൂറൽ ടൂറിസം സർക്യൂട്ട് എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കുമോ; | (സി) ഉത്തരവാദിത്ത ടൂറിസത്തിന്റ എല്ലാ പദ്ധതികളും തദ്ദേശവാസികൾക്കും, വിനോദസഞ്ചാരികൾക്കും, വ്യവസായത്തിനും പരസ്പര പൂരകമായി പ്രയോജനം ലഭിയ്ക്കത്തക്ക രീതിയിലാണ് നടപ്പാക്കിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ, സൂക്ഷ്മസംരംഭങ്ങൾ നടപ്പാക്കൽ, സംരംഭകത്വ വികസനം, ജീവനോപാധി സൃഷ്ടിക്കൽ, ഗുണമേന്മയും സാമൂഹ്യ നീതിയും ഉറപ്പാക്കൽ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയ്ക്ക് ആവശ്യമായ വിവിധ പദ്ധതികൾ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. |
| (ഡി) വിനോദസഞ്ചാരികൾക്ക് നൽകുന്ന സൗകര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളിലൂടെയും ദൃശ്യ മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ ക്യാംപയിൻ വകുപ്പ് നടത്തി വരുന്നു. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള അവസരം ഒരുക്കുകയും പ്രസ്തുത കേന്ദ്രങ്ങളെ കുറിച്ച് ബ്ലോഗിൽ വിവരണം ചെയ്യിക്കുകയും ചെയ്യുന്ന ബ്ലോഗേഴ്സ് ക്യാംപയിൻ എന്ന പ്രചരണ പരിപാടി വകുപ്പ് |

നടപ്പാക്കി വരുന്നു. വെബ്സൈറ്റിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നിരവധി മത്സരാധിഷ്ഠിത പ്രചരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചു വരുന്നു. ഉത്തരവാദിത്ത ടൂറിസം പ്രമേയമാക്കിക്കൊണ്ട് 3 ഡോക്യുമെന്ററികൾ ഇംഗ്ലീഷിലും, മലയാളത്തിലും തയ്യാറാക്കി. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് ലോക ടൂറിസം മേളകളിൽ പ്രദർശിപ്പിച്ചു. മലയാളം പതിപ്പ് കേരളത്തിലെ എല്ലാ വാർത്താ ചാനലുകളിലും പ്രദർശിപ്പിക്കുകയുണ്ടായി. പൊതുജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി സിനിമാ തിയേറ്ററുകൾ വഴിയും പ്രചരിപ്പിച്ചു വരുന്നു. ബി.ബി.സി ഉൾപ്പെടെയുള്ള ഒട്ടേറെ അന്തർദേശീയ ചാനലുകളെക്കൊണ്ടും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രമേയമാക്കി പരിപാടികൾ തയ്യാറാക്കിച്ച് പ്രക്ഷേപണം ചെയ്യിച്ചിട്ടുണ്ട്.

Anuradha

**സെക്ഷൻ ഓഫീസർ**